എൻ.പി.സി.ഡി.എസ്സ്. നിലവിലുള്ള അഞ്ച് ജില്ലകളിലും തിരുവനന്തപുരത്തുമാണ് ഈ പദ്ധതി ആരംഭിച്ചത്. പ്രാരംഭനടപടികളായി ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും ട്രെയ്നിംഗ് ഇതിനോടൊപ്പം പൂർത്തിയായിക്കഴിഞ്ഞു. ഈ പദ്ധതിക്കാവശ്യമായ മൊഡ്യൂളുകൾ, സോഫ്റ്റ്വെയർ എന്നിവ തയ്യാറാക്കുകയും ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ ബോധവൽക്കരണത്തിനും രോഗനിർണ്ണയത്തിനുമായി കഴിഞ്ഞ മൂന്നുവർഷമായി പരിപാടികൾ നടത്തിവരുന്നു. തൃശ്ശൂർ ഡി.എം.ഒ.യുടെയും എൻ.ആർ.എച്ച്.എം.ന്റെയും പങ്കാളിത്തത്തോടെയാണ് തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി പരിശോധനാ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും നടത്തിയിട്ടുള്ളത്. 2013-14 വർഷത്തിൽ 34-ഓളം ക്യാൻസർ ക്യാമ്പുകളും 22 ക്യാൻസർ ബോധവൽക്കരണ സെമിനാറുകളും നടത്തുകയുണ്ടായി.

ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി

18 (*648) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ : വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പദ്ധതി എത്രവർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): (എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് (ഡ്രിപ്) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/റെഗുലേറ്റർ ഉൾപ്പെടെ 19 പദ്ധതികളുടെയും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 ജലവൈദ്യുത പദ്ധതികളുടെയും അവയുടെ അനുബന്ധ ഭാഗങ്ങളുടെയും കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുകയാണ് ഈ പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനലക്ഷ്യം. കൂടാതെ അണക്കെട്ട് സുരക്ഷാവിഭാഗത്തിന്റെ ശാക്തീകരണവും ഡ്രിപ് വിഭാവനം ചെയ്യുന്നുണ്ട്. ഡാമുകളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നുള്ള ഒരു ലക്ഷ്യംകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഡ്രിപ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 6-2-2013-ലെ സ.ഉ.(സാധാ) നമ്പർ 110/2013/ജ.വി.വ. പ്രകാരം ജലസേചന വകുപ്പിന്റെ പദ്ധതികൾക്കായി 158 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾക്കായി 29-1-2014-ലെ സ.ഉ.(സാധാ) നം. 28/2014/പി.ഡി. പ്രകാരം 153.731 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഡ്രിപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അണക്കെട്ടുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും പുനരുദ്ധാരണപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യവികസനവുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. അണക്കെട്ടുകളുടെയും ബന്ധപ്പെട്ട സാഡിൽ ഡാമുകളുടെയും അറ്റകുറ്റപ്പണികളും നവീകരണപ്രവർത്തനങ്ങളും ഷട്ടറുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും അറ്റകുറ്റപ്പണികളും നവീകരണവും ഇതിൽ ഉൾപ്പെടുന്നു. അണക്കെട്ട് പ്രദേശത്തെയും അനുബന്ധ ഭാഗങ്ങളുടെയും വൈദ്യുതീകരണം, അണക്കെട്ടുകളുടെയും ജലസംഭരണികളുടെയും ഭൂമി സംരക്ഷണ പ്രവർത്തനങ്ങൾ, അണക്കെട്ടുകളുടെ സുരക്ഷാക്രമീകരണങ്ങൾക്കുള്ള നടപടികൾ എന്നിവ കൂടി പ്രധാനമായും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്ക് വർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80% ലോകബാങ്ക് വായ്പയും 20% സംസ്ഥാന വിഹിതവുമാണ്. ലോകബാങ്കിന്റെ നിയന്ത്രണത്തിലുള്ള IDA (International Development Association), IBRD (International Bank for Reconstruction and Development) എന്നീ ഏജൻസികൾ വഴി 50:50 എന്ന അനുപാതത്തിലാണ് ലോകബാങ്ക് വായ്പ ലഭിക്കുന്നത്. സങ്കീർണ്ണമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും ലോകബാങ്ക് റ്റാസ്ക് ടീം സന്നദ്ധമാണ്.

(ഇ) ആറ് വർഷമാണ് ഡ്രിപ്പ് പദ്ധതിയുടെ കാലയളവ്. 18-4-2012-ൽ പദ്ധതി നിലവിൽ വന്നു.

തൊഴിൽ മേഖലയിലെ മിനിമം വേതനം

19 (*649) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിൽ ഇപ്പോൾ നിലവിലുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly